**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2078** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഹെൽത്തിന്റെ കീഴിൽ വരുന്ന ഐ.ടി. അധിഷ്ഠിത സേവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഇ-ഹെൽത്ത് മുഖാന്തിരം 446 ആശുപത്രികളിൽ പൊതുജനങ്ങൾക്ക് ഐ.ടി. അധിഷ്ഠിത താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br><br>പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വിവരശേഖരണത്തിലൂടെയും ആശു പത്രികളിൽ ഏർപ്പെടുത്തുന്ന രജിസ്ട്രേഷൻ കൗണ്ടറുകളിലൂടെയും വ്യക്തികളുടെ U.H.I.D. ഇഹെൽത്തിൽ രജിസ്റ്റർ ചെയ്യുന്നു.<br><br>രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതി നാൽ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു.<br><br>ഒപി ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സറേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു.<br><br>ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ഫാർമസികളിലും, ലാബോറട്ടറികളിലും എക്സറേ കൗണ്ടറിലും അപ്പപ്പോൾ എത്തുന്നതിനാൽ ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു.<br><br>വ്യക്തികളുടെ ഈ സമഗ്രമായ ആരോഗ്യ രേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർ ചികിൽസ കൾ വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരി ക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗ ചികിൽസാ സംഗ്രഹം ഞൊടിയിട യിൽ തന്നെ കേന്ദ്രീകൃത കമ്പ്യൂട്ടറിൽ |

നിന്നും ലഭ്യമാക്കി കൃത്യമായ തുടർ ചികിൽസ നിർണ്ണയിക്കാൻ സാധി ക്കുന്നു.

രോഗികൾക്കു തങ്ങളുടെ ചികിൽസാ സംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു.

കൂടാതെ, ഇ-ഹെൽത്ത് നടപ്പിലാക്കിയി ട്ടുള്ള ആശുപത്രിയിൽ നിന്നും ആ ആശുപത്രിയിലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആശുപത്രിയിലെയോ ടോക്കൺ മുൻകൂർ എടുക്കുവാനും മറ്റേതു ആശുപത്രിയിലേക്കും റഫർ ചെയ്യാനും ഡോക്ടർക്കു സാധ്യമാണ്.

ഇതോടൊപ്പം തന്നെ പൊതുജന ങ്ങൾക്ക് വെബ് പോർട്ടൽ മുഖേന മുൻകൂർ ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാണ്.

മൊബൈൽ, കമ്പ്യൂട്ടർ വഴി ഓൺ ലൈൻ അപ്പോയ്മെന്റ് ബുക്കിംഗ് നുള്ള സൗകര്യവും നിലവിൽ വന്നി ട്ടുണ്ട്.

നിശ്ചിത കാലയളവിനുള്ളിൽ ഡോക്ടറെ വീണ്ടും കാണേണ്ടുന്ന രോഗികൾക്ക് അടുത്ത തവണ കാണാനുള്ള Token, ഡോക്ടർ consultation room ൽ വച്ച് തന്നെ നൽകുവാനുള്ള സംവിധാനവും ലഭ്യമാണ്

കൂടാതെ ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്/ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ ജീവനക്കാർ ടാബ്‌ലറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് ഹൗസ് സർവ്വേ, മെമ്പർ സർവ്വേ എന്നിവ ചെയ്ത് ജനങ്ങളുടെ വിവരശേഖരണം നടത്തുകയും വിവിധ തരത്തിലുള്ള രോഗങ്ങൾ (പകർച്ച രോഗങ്ങൾ/ പകർച്ചേതരരോഗങ്ങൾ) മാതൃശിശു സംരക്ഷണം തുടങ്ങിയ മോഡ്യൂളുകൾ ഉപയോഗിച്ച് ജനങ്ങ ൾക്ക് സേവനങ്ങൾ നൽകുകയും ചെയ്യുന്നു. വാക്സിനേഷനുകൾക്കും മറ്റ് പരിശോധനകൾക്കും കാലാവധി ആവുമ്പോൾ അതാത് ആശുപത്രി കളിലേക്ക് റഫർ ചെയ്യാൻ ഇ-ഹെൽത്ത് ടാബ്ലറ്റ് ഉപയോഗിച്ച് ഫീൽഡ് ജീവനക്കാർക്ക് കഴിയും. ആശുപത്രിയിലെ പരിശോധന കണ്ടെത്തലുകൾ തിരിച്ച് ജീവന ക്കാർക്ക് അലേർട്ട് ആയി കമ്പ്യൂട്ടറിൽ ലഭിക്കുന്നതുവഴി സുഗമമായ തുടർ ചികിത്സ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ